10345

നം. ക്യൂ.ഐ.പി.1/63080/2017/ഡി.പി.ഐ.

പൊതു വിദ്യാഭ്യാസ ഡയറക്ടറാഫീസ്,
തിരുവനന്തപുരം, തീയതി 03.11.2017

പ്രേക്ഷിതൻ.

പൊതു വിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും,
ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും,
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

സർ,

2017–18 വർഷത്തെ രണ്ടാംഘട്ട അധ്യാപക ശാക്തീകരണ പരിശീലനത്തിൽ ഗണിത വിജയം, ശാസ്ത്രസിദ്ധി (അടിസ്ഥാനശാസ്ത്രം), ഭൂമിയെ അറിയാം (സാമൂഹ്യശാസ്ത്രം), എല്ലാ ക്ലാസിലുമുള്ള കുട്ടികളെ സ്വതന്ത്രവായനക്കാരാക്കുന്നതിനുള്ള വായനക്കാർഡ് തുടങ്ങിയവ ചർച്ച ചെയ്തിരുന്നു. ഇതിന്റെ ഭാഗമായി പ്രീടെസ്റ്റ് നടത്തുന്നതിനുള്ള ചോദ്യാവലി സ്കൂളുകളിൽ സർവ്വശിക്ഷാഅഭിയാന്റെ നേതൃത്വത്തിൽ എത്തിച്ചിട്ടുണ്ട്. എൽ.പി., യു.പി., ഹൈസ്കൂൾ ക്ലാസുകളിൽ മലയാളത്തിളക്കം പരിപാടി നടപ്പിലാക്കുന്നതിനു വേണ്ടി കൈപ്പുസ്തകവും സ്കൂളുകളിൽ എത്തിച്ചിട്ടുണ്ട്. 1 മുതൽ 8 വരെ ക്ലാസുകളിലേക്ക് 'വേനൽപ്പച്ച' എന്ന പേരിൽ പ്രകൃതി പ്രവർത്തനപുസ്തകം എല്ലാ കുട്ടികൾക്കും വിതരണം ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രീടെസ്റ്റ് ഫലങ്ങൾ വിശകലനം ചെയ്ത് തുടർ പരിഹാര പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും മുകളിൽ സൂചിപ്പിച്ച പിന്തുണാ സാമഗ്രികൾ പ്രയോജനപ്പെടുത്തി അക്കാദമിക നിലവാരം ഉയർത്തുന്നതിനുമുള്ള നടപടികൾ എല്ലാ അധ്യാപകരും ബി.ആർ.സി ട്രെയിനർമാരും ഏറ്റെടുക്കേണ്ടതാണ് എന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ,

(ഒപ്പ്)

പൊതു വിദ്യാഭ്യാസ ഡയറക്ടർ

പുറത്തെഴുത്ത് നമ്പർ D5/10345/2017 Dt 13.11.2017

പകർപ്പ് എല്ലാ പ്രധാനാധ്യാപകർക്കും അറിവിലേക്കും ആവശ്യമായ നടപടികൾക്കുമായി നൽകുന്നു.

13/11/17